**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. സാബുമോനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

===================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1078/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 17.04.2018

===================================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.05.2015-ലെ ഇ 9 (എസ് സി 136/2014/പികെഡി) 43217/2014 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 15.06.2015-ലെ 6543/ഡി3/2015/വിജി.നമ്പർ കത്ത്
3. സർക്കാരിന്റെ 27.04.2016-ലെ 461/ഇപിബി3/2015/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. കെ. സാബുമോൻ സമർപ്പിച്ച 09.09.2016-ലെ പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 15.09.2017-ലെ ഡി10-16296/16 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ 2014-15 വർഷത്തിലെ പദ്ധതി നടത്തിപ്പിൽ ടെണ്ടർ നടപടികളിൽ വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആകസ്മിക പരിശോധന നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു അന്വേഷണത്തിൽ ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസ് ലിമിറ്റഡ് എന്ന പൊതു മേഖലാ സ്ഥാപനം നല്കിയ കുറഞ്ഞ നിരക്ക് വ്യക്തമായ കാരണം കൂടാതെ പരിഗണിക്കാതിരിക്കുകയും, മറ്റൊരു സ്ഥാപനത്തിന് ടെണ്ടർ നല്കിയതിൽ ക്രമക്കേട് ഉണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. തുടർന്ന് വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വീഴ്ചകൾക്കുത്തരവാദിയായ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. സാബുമോന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു കുറ്റപത്രത്തിന് ടിയാൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിന് തയ്യാറാക്കിയ 204/15 നമ്പർ പ്രോജക്ട് പ്രകാരം 09.11.2014-ലെ ചന്ദ്രിക ദിനപത്രത്തിൽ ടെണ്ടർ പരസ്യം വന്നിട്ടുണ്ടെന്നും ആയത് പ്രകാരം രണ്ട് ടെണ്ടറുകളാണ് പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളതെന്ന് ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടതായി പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും സൈക്കിളിന്റെ വില കുറച്ചു കൂടിയാലും ഗുണനിലവാരമുള്ള സൈക്കിൾ നല്കണമെന്ന് ഭരണ സമിതി അംഗങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സഫാരി സൈക്കിൾ, മലപ്പുറം എന്നവർക്ക് ടെണ്ടർ നല്കിയതെന്നും ഭരണ സമിതി 02.12.2014-ലെ തീരുമാനം 3(3) പ്രകാരം ടി ടെണ്ടർ അംഗീകരിക്കുകയും പ്രൊക്യുവർമെന്റ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടെണ്ടർ ലഭിച്ച സഫാരി സൈക്കിൾ, മലപ്പുറം സമർപ്പിച്ച ടെണ്ടർ ഫോറത്തിൽ പ്രാഥമിക എഗ്രിമെന്റ് ഒപ്പു വച്ചത് ടി സ്ഥാപനത്തിന്റെ മാനേജറായ ശ്രീ.കെ.നാസറും അന്തിമ എഗ്രിമെന്റ് ഒപ്പ് വച്ചത് സ്ഥാപനത്തിന്റെ ഉടമയായ ശ്രീ. ഷിഹാബുദ്ദീനും ആണെന്നും ഗ്രാമപഞ്ചായത്തുമായി അന്തിമ എഗ്രിമെന്റ് വച്ചത് സ്ഥാപന ഉടമയായതിനാലും ടി മാനേജർ ഒപ്പിട്ടതിൽ യഥാർത്ഥ ഉടമ യാതൊരു തർക്കങ്ങളും ഉന്നയിക്കാത്തതിനാലും ആയതിന്റെ നടപടിക്രമങ്ങളിൽ ക്രമക്കേടൊന്നുമില്ലെന്ന നിഗമനത്തിലെത്താവുന്നതാണെന്നും, ടി ടെണ്ടർ നടപടി റദ്ദ് ചെയ്യുന്നതിന് സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി ടെണ്ടർ നടപടി റദ്ദ് ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുറ്റാരോപണ മെമ്മോയിൽ പറയുന്ന 22.09.2014-ന് ശേഷം മിനിട്ട്സ് പ്രസിഡന്റ് ഒപ്പ വച്ച് ക്ലോസ് ചെയ്തിട്ടില്ല എന്നത് സംബന്ധിച്ച് പരിശോധിച്ചതിൽ നിലവിൽ ടി മിനിട്ട്സ് ക്ലോസ് ചെയ്ത് പ്രസിഡന്റ് ഒപ്പിട്ടിട്ടുണ്ടെന്നും തുടർന്നുള്ള ഭരണ സമിതി മിനിട്ട്സ് ബുക്കുകളും പരിശോധിച്ചതിൽ ഇടയ്ക്ക് ഒപ്പിട്ട ശേഷം പേജുകൾ വിട്ടിട്ടുണ്ടെന്നുള്ളതൊഴിച്ചാൽ മറ്റ് അപാകതകൾ ഒന്നും തന്നെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നും ഇപ്പോൾ സകർമ്മ സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് മിനിട്ട്സുകൾ രേഖപ്പെടുത്തുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി പ്രൊജക്ട് നടപ്പിലായിരുന്നെങ്കിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 62 കുട്ടികൾക്ക് സൈക്കിൾ ലഭ്യമാക്കുക വഴി അവരുടെ ആശയും അഭിലാഷവും നിറവേറ്റാനും ഗുണഭോക്താക്കൾക്ക് യഥാർത്ഥ നേട്ടം ലഭ്യമാക്കാനും വാർഷിക പദ്ധതിയിലൂടെ കഴിയുമായിരുന്നുവെന്നും എന്നാൽ സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട വളരെ താഴെത്തട്ടിലുള്ളവരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി സർക്കാർ ലഭ്യമാക്കിയ എസ്.സി.ഫണ്ട് വിനിയോഗ കുറവ് വരുത്തിയ കുറ്റമൊഴിച്ചാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഒന്നും തന്നെ ഉണ്ടായതായി കാണാൻ കഴിഞ്ഞിട്ടില്ലെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റായ 2014-15 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ടി പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് യാതൊരു പ്രതികൂല പരാമർശവും നടത്തിയിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. കെ.സാബുമോൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വന്നതായി കാണുന്നു ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പൊതുമേഖലാ സ്ഥാപനത്തെ ഒഴിവാക്കുന്നതിന് വ്യക്തമായ കാരണം രേഖപ്പെടുത്തിയതായി കാണുന്നില്ല സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിട്ടില്ല എന്ന കാരണത്താൽ കുറ്റം ലഘൂകരിച്ചു കാണേണ്ടതില്ല കൃത്യാന്തര ബാഹുല്യം കാരണം പാളിച്ചകൾ പറ്റിയിട്ടുണ്ടെന്ന ശ്രീ. സാബുമോന്റെ വിശദീകരണവും തൃപ്തികരമല്ല. ഈ സാഹചര്യത്തിൽ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ. സാബുമോനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ 6 മാസത്തേക്ക് തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. കെ. സാബുമോൻ, മുൻ അസിസ്റ്റന്റ് സെക്രട്ടറി, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.വിജി-ഡി3/431/2017/വിജി. തീയതി 05.02.2018 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/461/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ